**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5999** **09-07-2024 - ൽ മറുപടിയ്ക്ക്**

**മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ മേഖലയിൽ ഒരേക്കർ മുതൽ അഞ്ച് ഏക്കർ വരെ ഭൂമിയിൽ സ്വകാര്യ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ; | (എ) | വ്യവസായ മേഖലയിൽ ഒരേക്കർ മുതൽ അഞ്ച് ഏക്കർ വരെ ഭൂമിയിൽ സ്വകാര്യ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിലവിലില്ല. 5 ഏക്കർ ഭൂമിയുള്ളവർക്ക് സ്വകാര്യമേഖലയിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി തുടങ്ങുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. 30 വർഷമോ അതിലധികമോ കാലവധിയിൽ ലീസിനെടുത്ത ഭൂമിയുള്ളവർക്കും ഇതിനായി അപേക്ഷിക്കാവുന്നതാണ്. |
| (ബി) | വിദേശ രാജ്യങ്ങളിലെ വ്യവസായ സാധ്യതകൾ പഠിക്കുന്നതിനും അവ കേരളത്തിൽ നടപ്പിലാക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി. ക്ക് കീഴിൽ ഒരു സ്ഥിരം സംവിധാനം (റിസർച്ച് വിഭാഗം) ഒരുക്കുവാൻ സാധിക്കുമോ; വിശദമാക്കാമോ? | (ബി) | അന്താരാഷ്ട്ര തലത്തിൽ വ്യവസായ മേഖലയിലുണ്ടാവുന്ന മുന്നേറ്റങ്ങൾ കേരളത്തിന്റെ സവിശേഷതകൾക്കനുസൃതമായി ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യതകൾ 'കേരള വ്യവസായ നയം- 2023' -ൽ വിഭാവനം ചെയ്യുന്നുണ്ട്. എയ്റോസ്പേസ് & ഡിഫൻസ്, നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതിക വിദ്യകൾ, ഗ്രാഫീൻ, നാനോ ടെക്നോളജി, മെഡിക്കൽ ഉപകരണങ്ങൾ, ഹൈടെക് ഫാമിംഗ് തുടങ്ങിയ 22 മുൻഗണനാ മേഖലകളിലെ വ്യവസായവത്ക്കരണ സാധ്യതകൾ ടി നയത്തിന്റെ തുടർപദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ